**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**09.07.2014 - ലെ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 6640**

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനും വ്യവസായ വികസനത്തിനുമായി വ്യവസായ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ; | (എ) : ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ജനറൽ മാനേജർമാരും താലൂക്ക് വ്യവസായ ഓഫീസർമാരും വ്യവസായ വികസന ഓഫീസർമാരും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ നിർദ്ദേശം നൽകി വരുന്നു. കേരളത്തിലെ ഇടത്തരം വൻകിട വ്യവസായ വികസനത്തിനായി അടിസ്ഥാന സൌകര്യങ്ങൾ ഉള്ള സ്ഥലം, സാമ്പത്തിക സഹായം, എന്നിവ നൽകുന്നതോടൊപ്പം പദ്ധതിയ്ക്കാവശ്യമായ വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ, ഏകജാലക സംവിധാനം, ജില്ലാതല സംഗമങ്ങൾ, സെക്ടറൽ മീറ്റിംഗുകൾ, ആഗോള നിക്ഷേപക സംഗമം, വ്യവസായ വികസന പഠനങ്ങൾ എന്നിവയും കെ.എസ്.ഐ.ഡി.സി നടത്തി വരുന്നു. കേരളത്തിലെ വ്യവസായികൾക്ക് വിദേശ രാജ്യങ്ങളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഓവർസീസ് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ കെ.എസ്.ഐ.ഡി.സി-യിൽ പ്രവർത്തിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) വ്യവസായ വികസനത്തിനായി സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡെവലപ്പ്മെൻ്റ് എന്ന സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നെന്ന് വിശദീകരിക്കാമോ ; | (ബി) : | വ്യവസായ വികസനത്തിനായി സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡെവലപ്പ്മെൻ്റ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :<br>➤ വർക്ക് സ്റ്റഡി/മാൻപവ്വർ അസസ്സ്മെൻ്റ് സ്റ്റഡി<br>➤ സ്ഥാപനങ്ങളുടെ ഘടന/പുനസംഘടന എന്നിവയെ സംബന്ധിച്ച പഠനങ്ങൾ<br>➤ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച പഠനങ്ങൾ<br>➤ പെർഫോമൻസ് അപ്രൈസൽ<br>➤ ബിസിനസ്സ് പ്രോസസ്സ് റീ-എഞ്ചിനിയറിംഗ്<br>➤ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ<br>➤ ഫിനാൻഷ്യൽ അപ്രൈസൽ<br>➤ അസറ്റ് വാല്യുവേഷൻ<br>➤ റിക്രൂട്ട്മെൻ്റ്/സെലക്ഷൻ ടെസ്റ്റുകൾ<br>➤ സ്കിൽ ടെസ്റ്റുകൾ<br>➤ മാനേജ്മെൻ്റ്പരിശീലനങ്ങൾ<br>➤ മൈക്രോ എൻ്റർപ്രൈസസ് ഡവലപ്പ്മെൻ്റ് പ്രോഗ്രാമിൻ്റെ ഭാഗമായി ടെക്സ്റ്റയിൽ, ഭക്ഷ്യ സംസ്കരണം, കരകൗശലം, കമ്പ്യൂട്ടർ, പരിസ്ഥിതി സൌഹൃദ ഉല്പന്ന ങ്ങൾ, ഫോട്ടോഗ്രാഫി, ഇലക്ട്രോണിക്സ്, യാത്രാബാഗുകൾ, പേപ്പർ ഉല്പന്നങ്ങൾ, കാർഷിക പരമ്പരാഗത മേഖല, സോളാർ എനർജി എന്നീ മേഖലകളിൽ ഗ്രാമീണ തല ഉല്പന്നാധിഷ്ഠിത തൊഴിൽ വൈദഗ്ധ്യ പരിപാടികൾ സംഘടിപ്പിക്കൽ<br>➤ സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ രൂപീകരണത്തിനായി സമർപ്പി |

| | | |
|---|---|---|
| | | ക്കേണ്ട പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ<br>➢ വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ. |
| (സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ? | (സി) : | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് 40,00,000/-രൂപ (നാൽപ്പത് ലക്ഷം രൂപ) നീക്കി വച്ചിരുന്നതും ആയത് 07/06/14 -ലെ സ.ഉ.(സാധ)608/14/ID പ്രകാരം റിലീസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ